പതിമൂന്നാം കേരളനിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3582. 17.10.2011-ൽ മറുപടിയ്ക്ക്

## റീജിയണൽ ക്യാൻസർ സെന്ററിലെ സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി. | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) റീജിയണൽ ക്യാൻസർ സെന്റർ എന്തെല്ലാം സാമൂഹിക സേവനങ്ങളാണ് നടപ്പാക്കി വരുന്നത്; | (എ) കാൻസർ രോഗ ബാധിതരുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് റീജിയണൽ കാൻസർ സെന്റർ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. കാൻസർ രോഗികൾക്കുള്ള പെൻഷൻ, പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം, കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രിയുടെ രാഷ്ട്രീയ ആരോഗ്യനിധി, പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ ചികിത്സാപദ്ധതി, മുഖ്യമന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി എന്നിവരുടെ ദുരിതാശ്വാസനിധി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കാൻസർ സുരക്ഷാ പദ്ധതി, താലോലം പദ്ധതി എന്നിവ വഴിയുള്ള സഹായങ്ങളും നിർദ്ധനരായ കാൻസർ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. സൂസൻ ഡാനിയേൽ കാൻസർ റിലീഫ് ഫണ്ട്, അമേരിക്ക, ഹോളിട്രിനിറ്റി ചാരിറ്റബിൾ ട്രസ്റ്റ്, സി.എച്ച്. മുഹമ്മദ്കോയട്രസ്റ്റ്, ജി.പി. ട്രസ്റ്റ്,ശ്രീദ്ദിസായി ചാരിറ്റബിൾ ട്രസ്റ്റ്, കവടിയാർ പാലസ്, മേളംമസാല തുടങ്ങിയ സർക്കാരേതര സംഘടനകൾ വഴിയുള്ള സഹായവും നിർദ്ധനരായ കാൻസർ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. റീജിയണൽ കാൻസർ സെന്ററിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളായ പ്രത്യാശ, ആശ്രയ, കെയർപ്ലസ് എന്നിവ വഴിയും സഹായങ്ങൾ ലഭ്യമാക്കുന്നു. അക്ഷയപാത്രം പദ്ധതി പ്രകാരം റീജിയണൽ കാൻസർ സെന്ററിൽ അഡ്മിറ്റാകുന്ന എല്ലാ നിർദ്ധനരായ കുട്ടികൾക്കും സൗജന്യ ഭക്ഷണം നൽകി വരുന്നു. സൗജന്യ ഔഷധബാങ്കും പ്രവർത്തിക്കുന്നുണ്ട്. റീജിയണൽ കാൻസർ സെന്ററിൽ ചികിത്സ തേടിയെത്തുന്ന നിർദ്ധനരായ രോഗികൾക്ക് അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൗജന്യ നിരക്കിൽ ചികിത്സാ സൗകര്യങ്ങളും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതികൾ കൊണ്ട് കാൻസർ രോഗബാധിത രായവർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാ മാണ്; | (ബി) | പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് പരമാവധി രണ്ട് രക്ഷം രൂപയും, രാഷ്ട്രീയ ആരോഗ്യ നിധിപ്രകാരം ഒരു ലക്ഷം രൂപയുടെയും സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. കാൻസർസുരക്ഷ പദ്ധതി, പട്ടികവർഗ്ഗകാർ ക്കുള്ള സൗജന്യ ചികിത്സ പദ്ധതി, എൻഡോസൾഫാൻ ദുരിത ബാധിതർക്കായുള്ള ചികിത്സാ പദ്ധതി എന്നിവ വഴിയും പ്രസ്തുത വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നു. താലോലം പദ്ധതി പ്രകാരം **50,000** രൂപയുടെ ചികിത്സാ സഹായവും, സർക്കാരേതര സംഘടനകൾ വഴി പരമാവധി **20,000** രൂപയുടെ ചികിത്സാ സഹായവും നൽകി വരുന്നു.<br><br>റീജിയണൽ കാൻസർ സെന്ററിൽ പ്രവർത്തിക്കുന്ന സൗജന്യ ഡ്രഗ് ബാങ്ക് വഴി ആന്റിബയോട്ടിക്കുകൾ, കീമോതെറാപ്പി, സർജിക്കൽ സാമഗ്രികൾ എന്നിവയും മറ്റ് ഔഷധങ്ങളും നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി നൽകി വരുന്നു. അക്ഷയ പാത്രം പദ്ധതി വഴി സൗജന്യ ഭക്ഷണവും നൽകുന്നുണ്ട്. റീജിയണൽ കാൻസർ സെന്ററിൽ പ്രവർത്തി ക്കുന്ന സന്നദ്ധ സംഘടനകൾ വഴി നിർദ്ധനരായ രോഗികൾക്ക് ചികിത്സയ്ക്കും, ആഹാരത്തിനും, കിടപ്പിലായ രോഗികളുടെ ഗൃഹപരിചരണ ത്തിനും, കുട്ടികളുടെ പഠനം, പുനരധിവാസം എന്നിവയ്ക്കും വേണ്ട ധനസഹായം നൽ കുന്നുണ്ട്. |
| (സി) | കാൻസർ രോഗചികിത്സ ബി.പി.എൽ. കുടുംബാംഗ ങ്ങൾക്ക് സൗജന്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ